ഉത്തരം

(എ) ഇതിനായി താഴെ പറയുന്ന പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

1. അന്തർദേശീയ നിലവാരത്തിൽ FINA അനുശാസിക്കുന്ന നിലവാരത്തിലുള്ള പുതിയ സ്വിമ്മിംഗ്പൂൾ നിർമ്മാണം;

2. ക്ലോറിനേഷൻ, ഓസോണൈസേഷൻ ഉൾപ്പെടുന്ന പുതിയ ഫിൽട്രേഷൻ പ്ലാന്റിന്റെ നിർമ്മാണം.

3. പുതിയ ഗാലറിയുടെ നിർമ്മാണം.

4. പുതിയ ചേഞ്ചിംഗ് റൂമുകൾ, ടോയിലറ്റുകൾ എന്നിവയുടെ നിർമ്മാണം.

5. റിഹ്ർട്ട് സൗകര്യമുള്ള പുതിയ ഡൈവിംഗ് പ്ലാറ്റ് ഫോം നിർമ്മാണം.

6. നിലവിലുള്ള സ്വിമ്മിംഗ്പൂൾ ടൈൽ പതിപ്പിച്ചു മോടിപിടിപ്പിക്കൽ.

(ബി) നവീകരണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നു വരുന്നു.

(സി) - (ഇ) 2010 ഡിസംബറിൽ പണി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

യൂത്ത് കമ്മീഷൻ രൂപീകരണം

176 (6348) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യൂത്ത് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള ജുഡീഷ്യൽ അധികാരങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

യുവജനങ്ങളെ ബോധവൽക്കരിക്കുവാൻ കർമ്മപദ്ധതികൾ

177 (6349) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ മദ്യപാനം, പുകയില, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളെ ബോധവൽക്കരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, വനിതാ സംഘടനകൾ എന്നിവവഴി വിപുലമായ ബോധവൽക്കരണ പരിപാടികളും മറ്റും സംഘടിപ്പിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009 ജൂൺ 26-ന് അന്താരാഷ്ട്ര മയക്ക് മരുന്ന് വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് 14 ജില്ലകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതുപോലെയുള്ള ബോധവൽക്കരണ പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എല്ലാ വർഷവും തെരഞ്ഞെടുത്ത ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾവഴി മദ്യപാനം, പുകവലി, മയക്കുമരുന്ന് എന്നിവയ്ക്ക് എതിരായുള്ള ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. ഇത് തുടർന്നും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി

178 (6350) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖ പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സിയാൽ മാതൃകയിൽ, സംസ്ഥാന ഗവൺമെന്റ് ഒരു കമ്പനി രൂപീകരിച്ച്, ടി പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ധൃതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ പുതിയൊരു കർമ്മ പദ്ധതിക്ക് 2009 നവംബറിൽ രൂപം നൽകി. പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ, റോഡ്-റെയിൽ ഗതാഗത സൗകര്യമൊരുക്കൽ, ശുദ്ധജലം-വൈദ്യുതി ലഭ്യമാക്കൽ, പാരിസ്ഥിതിക പഠനം, പദ്ധതി ഉപദേശകരെ നിയമിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അടങ്ങിയ പ്രാരംഭഘട്ടപ്രവർത്തനങ്ങൾ സർക്കാർ നേരിട്ട് നടത്താൻ തീരുമാനിച്ചു. ഇതിന്കേരള സർക്കാർ കമ്പനിയായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തി. ഒന്നാം ഘട്ടത്തിനായി 450 കോടി രൂപയുടെ കർമ്മ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. 11-8-2010-ൽ ഉദ്ഘാടനം നിർവ്വഹിക്കും.

(ബി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly